# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1483** **05.02.2019 ൽ മറുപടിയ്ക്ക്**

## പുനർജ്ജനി പദ്ധതിക്കായി ചെലവഴിച്ച തുക

**ചോദ്യം**

**ശ്രീ.ടി. വി. ഇബ്രാഹിം**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) കൃഷിവകുപ്പ് നടപ്പാക്കി വരുന്ന 'പുനർജ്ജനി' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

എ) പ്രളയം മൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി 'പുനർജനി' എന്ന പേരിൽ വിവിധ പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് നടത്തി വരുന്നത്. പ്രളയാനന്തരം അടിയന്തിരമായി അനുവർത്തിക്കേണ്ട കാർഷിക മുറകളെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസുകളും, സെമിനാറുകളും, പ്രായോഗിക പ്രദർശനങ്ങളും സംഘടിപ്പിച്ചു.

മണ്ണും ചെളിയും അടിഞ്ഞുകൂടിയ പാടശേഖരങ്ങൾ വൃത്തിയാക്കി മണ്ണ് നീക്കം ചെയ്ത് കൃഷിയോഗ്യമാക്കി. തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പ്രളയാനന്തരം മണ്ണിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് അതനുസരിച്ച് മണ്ണിലുപയോഗിക്കേണ്ട കുമ്മായ വസ്തുക്കളുടേയും വളങ്ങളുടെയും വിവരം കർഷകർക്ക് നൽകി. കീട-രോഗ നിയന്ത്രണത്തിനാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും അവ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള ചിലവ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെ നൽകി. കൃഷി ഭവൻ തലത്തിൽ എലിനശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കി. നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കുരുമുളക് തൈ, വാഴക്കന്ന്, ദീർഘകാല സുഗന്ധ വ്യഞ്ജന വിളകൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുക, അഗ്രോസർവ്വീസ്

സെന്റർ കാർഷിക കർമ്മസേന അംഗങ്ങളും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി. കേട്ടുപാടുസംഭവിച്ച യന്ത്രോപകരണങ്ങളും, പമ്പ് സെറ്റുകളും റിപ്പയർ ചെയ്തു.

മഹാപ്രളയത്തിൽ കൃഷി നാശം സംഭവിച്ചവർക്കും കൃഷി ഭൂമി നഷ്ടമായവർക്കും അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിനു് നടപടി സ്വീകരിച്ചു.

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്കായി 22.19 കോടി രൂപയുടെയും, 2018-19 – ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകിയിട്ടുണ്ട്.

2003 ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ നിയമത്തിൽ നിയമാനുസൃതമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതാണെന്ന വ്യവസ്ഥയോടെ, കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും, തൻകൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും അനുമതി നൽകിക്കൊണ്ടും, കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകി വരുന്ന അതേ നിരക്ക് തന്നെ (പുഞ്ചകൃഷിക്ക് ഏക്കറിന് 1800/- രൂപയും വിരിപ്പ് കൃഷിക്ക് ഏക്കറിന് 1900/- രൂപയും) പാടശേഖര സമിതി/കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് 04.09.18 ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) 111/2018/അഗ്രി പ്രകാരം ഉത്തരവായിട്ടുണ്ട്.

കേട്ടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്തു. ആയതിനായി കിലോ മീറ്ററിന് 60000/- രൂപ എന്ന നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകി വരുന്നു. കൂടാതെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്തു കൃഷിയോഗ്യമാക്കുന്നതിന് ഹെക്ടറിന് 12,200/- രൂപയുടെ ആനുകൂല്യം നൽകുന്നു.

കുട്ടനാട്ടിൽ പുഞ്ചകൃഷിക്ക് ആവശ്യമായ നെൽവിത്ത് ഹെക്ടറിന് 125 കി.ഗ്രാം/ഹെക്ടർ നിരക്കിൽ സൗജന്യമായി വിതരണം ചെയ്തു. പ്രളയത്തെ തുടർന്ന് തകർന്ന മടകളുടെ പുനർ

നിർമ്മാണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങളെ ഇ — ടെണ്ടർ/ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി പാടശേഖരസമിതി വഴി നടപ്പിലാക്കുന്നതിനും, ബണ്ട് ബലപ്പെടുത്തുന്നതിനും/ ഉയർത്തുന്നതിനും ഉപയോഗിക്കുന്ന മണ്ണിന്റെ അളവ് 1000 ക്യൂ. മീറ്ററിനുള്ളിൽ വരുന്ന സാഹചര്യത്തിൽ ലെവൽ മെഷർമെന്റില്ലാതെ ടേപ്പ് മെഷർമെന്റ് മുഖേന വാല്യുവേഷൻ നൽകുന്നതിനും പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

ബി) ഈ പദ്ധതിയിൽ ആകെ എത്ര തൈകൾ വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

ബി) വിതരണം ചെയ്ത തൈകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | തൈകളുടെ ഇനം | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | പച്ചക്കറി വിത്ത് പാക്കറ്റ്<br>പച്ചക്കറി തൈകൾ | 10 ലക്ഷം<br>3 ലക്ഷം |
| 2 | കൊല്ലം | പച്ചക്കറി തൈകൾ | 3 ലക്ഷം |
| 3 | ആലപ്പുഴ | പച്ചക്കറി വിത്ത് പാക്കറ്റ്<br>പച്ചക്കറി തൈ കൾ | 6 ലക്ഷം (വിതരണം നടന്നു വരുന്നു)<br>5 ലക്ഷം (വിതരണം നടന്നു വരുന്നു) |
| 4 | പത്തനംതിട്ട | നടീൽ വസ്തുക്കൾ | 1 ലക്ഷം |
| 5 | കോട്ടയം | പച്ചക്കറി തൈകൾ<br>ടിഷ്യുകൾച്ചർ വാഴ തൈകൾ<br>മാവിൻ തൈകൾ<br>വേരുപിടിപ്പിച്ച കുരുമുളക് തൈകൾ | 16 ലക്ഷം<br>85000<br>400<br>66000 |
| 6 | ഇടുക്കി | ജാതി ഗ്രാഫ്റ്റ്<br>പ്ലാവ് ഗ്രാഫ്റ്റ്<br>ടിഷ്യുകൾച്ചർ വാഴ തൈകൾ<br>സങ്കരയിനംപച്ചക്കറി തൈകൾ | 1100<br>1000<br>2000<br>14000 |
| 7 | എറണാകുളം | പച്ചക്കറി തൈകൾ | 2.13 ലക്ഷം |
| 8 | തൃശ്ശൂർ | പച്ചക്കറി തൈകൾ | 7.5 ലക്ഷം |
| 9 | മലപ്പുറം | പച്ചക്കറി തൈകൾ | 8 ലക്ഷം |
| 10 | പാലക്കാട് | പച്ചക്കറി തൈകൾ | 8.3 ലക്ഷം |
| 11 | കോഴിക്കോട് | പച്ചക്കറി തൈകൾ | 4 ലക്ഷം |
| 12 | കണ്ണൂർ | പച്ചക്കറി തൈകൾ | 5.5 ലക്ഷം |

| | | | |
|---|---|---|---|
| 13 | വയനാട് | പച്ചക്കറി തൈകൾ<br>വാഴ വിത്ത്<br>പ്ലാവ് തൈകൾ<br>മാവിൻ തൈകൾ<br>കൊക്കോ തൈകൾ | 12 ലക്ഷം<br>8.75 ലക്ഷം<br>750<br>1200<br>37500 |
| 14 | കാസർഗോഡ് | പച്ചക്കറി വിത്ത് പാക്കറ്റ്<br>പച്ചക്കറി തൈകൾ | 0.506 ലക്ഷം<br>0.894 ലക്ഷം |

സി) ഈ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമെന്ന് വിശദമാക്കാമോ;

സി) ജനപ്രതിനിധികൾ, കാർഷിക വികസന സമിതി അംഗങ്ങൾ, സന്നദ്ധപ്രവർത്തകർ, വിവിധ കർഷക സമിതി അംഗങ്ങൾ എന്നിവരിലൂടെയും പത്രദൃശ്യ മാധ്യമങ്ങളിലൂടെയും അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് പ്രളയബാധിത പ്രദേശങ്ങളിലെ കർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നു.

ഡി) പുനർജ്ജനി പപദ്ധതിക്ക് വേണ്ടി ആകെ എത്ര തുക നീക്കിവെച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷ നൽകിയ 2,38,376 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 67.92 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാന വിഹിതമായി 224610 കർഷകർക്ക് 110.45 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 13775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളിന്മേൽ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം നൽകി. 2018-19 – ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകിയിട്ടുണ്ട്. ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

Mayal

**സെക്ഷൻ ഓഫീസർ**